മറുരൂപപ്പെരുന്നാൾ കൂടാരപ്പെരുന്നാളോ?

ഫാ. ഡോ. റ്റി. ജെ. ജോഷ്വ

സഭാകലണ്ടറിലും, വേദവായനക്കുറിപ്പിലും, ഏവൻഗേലിയോൻ വായനപ്പടിയിലും, എല്ലാം ആഗസ്റ്റ് ആറിന് കൂടാരപ്പെരുന്നാൾ, (മറുരൂപപ്പെരുന്നാൾ) എന്നാണ് ചേർത്തിട്ടുള്ളത്. കൂടാരപ്പെരുന്നാൾ എന്ന സംജ്ഞ എത്രമാത്രം ശരിയാണ് എന്നത്രേ ഇവിടെ വിശകലനം ചെയ്യുന്നത്. സുറിയാനി പാരമ്പര്യത്തിൽ ഇതെങ്ങനെ കടന്നു വന്ന് ചിരപ്രതിഷ്ഠ നേടി?

1. എന്താണ് കൂടാരപ്പെരുന്നാൾ?

യിസ്രായേൽ ജനതയുടെ മൂന്നു പ്രധാന പെരുന്നാളുകളിൽ ഒന്നാണ്. മറ്റുള്ളവ, പെസഹാ പെന്തിക്കോസ്തി എന്നിവയാണ്. ഈ മൂന്നു പെരുന്നാളുകളിൽ സഭയിലെ പുരുഷന്മാർ എല്ലാവരും യറുശലേം ദേവാലയത്തിലെ ശുശ്രൂഷകൾക്ക് എത്തിയിരിക്കണമെന്ന് നിർബന്ധമാണ്.

കൂടാരപ്പെരുന്നാൾ ഏഴു ദിവസം നീണ്ടു നിൽക്കുന്ന ആഘോഷമാണ്. (ലേവ്യ 23:33-45); ആവ. 16:13-15; സെഖ. 14:11) ഈ പെരുന്നാളിന് രണ്ടു പ്രസക്തിയുണ്ട്. ഒന്ന്, അവരുടെ കാർഷിക ജീവിതത്തോട് അനുബന്ധിച്ചുള്ളത്. ഇത് എല്ലാ വിളവെടുപ്പിന്റെ പൂർത്തീകരണമായതിനാൽ ഇതിനെ കായ്കനിപ്പെരുനാൾ എന്നു വിശേഷിപ്പിച്ചു. രണ്ടാമത്, അവരുടെ പൂർവ ചരിത്രങ്ങൾ ബന്ധപ്പെടുത്തി, അവരുടെ പൂർവികന്മാർ ഈജിപ്തിൽ നിന്നു പുറപ്പെട്ട് നാൽപ്പതു വർഷം മരുഭൂമിയിൽ കൂടി യാത്ര ചെയ്തപ്പോൾ കൂടാരങ്ങളിൽ പാർത്തു. അതിന്റെ അനുസ്മരണയ്ക്കായി കൂടാരപ്പെരുന്നാൾ എന്നു വിളിച്ച്. അത്തിക്കൊമ്പുകൾ, ഈന്തപ്പന തണ്ട് മുതലായവ ഉപയോഗിച്ച് ഭവനത്തിന്റെ മട്ടുപ്പാവിലും, മുറ്റത്തും മറ്റുമായി സൗകര്യമനുസരിച്ച് ചെറിയ കുടിലുകൾ ഉണ്ടാക്കും. രാത്രിയിൽ അതിനുള്ളിൽ അന്തിയുറങ്ങുകയും ചെയ്യും.

ഈ ഏഴു ദിവസങ്ങളിൽ നടക്കുന്ന ഒരു കർമ്മം ശീലോഹോം കുളത്തിൽ നിന്ന് ആഘോഷപൂർവ്വം, സങ്കീർത്തനങ്ങളും മറ്റും ആലപിച്ചുകൊണ്ട് പുരോഹിതന്മാരുടെ നേതൃത്വത്തിൽ വെള്ളം കൊണ്ടു വന്ന് യാഗപീഠത്തിനു പ്രദക്ഷിണം വച്ച്, പാനീയ യാഗമായി അർപ്പിച്ചു. ഏഴാം ദിവസം ഏഴു പ്രാവശ്യം പ്രദക്ഷിണം വെച്ചാണ് വെള്ളം സമർപ്പിക്കുന്നത്. അവസാനത്തെ ദിവസം മറ്റൊരു സ്ത്രീകളുടെ മണ്ഡപത്തിൽ വച്ചിരിക്കുന്ന വലിയ നിലവിളക്ക്, എല്ലാ തിരികളും കത്തിച്ച് അന്തരീക്ഷം പ്രകാശമാനമാക്കിത്തീർക്കും.

2. യേശുക്രിസ്തു സംബന്ധിച്ച കൂടാരപ്പെരുന്നാൾ:

ഇതെപ്പറ്റി യോഹന്നാന്റെ സുവിശേഷത്തിൽ മാത്രമേ പ്രതിപാദിക്കുന്നുള്ളു. (ഏഴാം അദ്ധ്യായം) നമ്മുടെ ശ്രദ്ധയിൽ വരേണ്ട ഒരു കാര്യം യോഹന്നാൻ യഹൂദന്മാരുടെ പല പെരുനാളുകളെപ്പറ്റിയും അവയിൽ യേശുക്രിസ്തു സംബന്ധിച്ച് അതുല്യങ്ങളായ പല പ്രസ്താവനകളും

പ്രഭാഷണങ്ങളും നൽകുന്നു എന്നുള്ളതാണ്.

കൂടാരപ്പെരുന്നാളിൽ യേശു സംബന്ധിച്ചതിനെപ്പറ്റി യോഹന്നാൻ വിശദമായി പ്രതിപാദിക്കുന്നു. അന്നത്തെ രണ്ട് അനുഷ്ഠാനങ്ങളുടെ പശ്ചാത്തലത്തിൽ അത്യന്തം ശ്രദ്ധേയമായ രണ്ടു പ്രസ്താവനകൾ നടത്തുന്നു. യോഹന്നാൻ രേഖപ്പെടുത്തുന്നു. a) "ഉത്സവത്തിന്റെ മഹാദിനമായ ഒടുക്കത്തെ നാളിൽ വെള്ളം കോരിക്കൊണ്ട് ആഘോഷപൂർവ്വം വരുന്നതിന്റെ പശ്ചാത്തലത്തിൽ ഇപ്രകാരം പ്രസ്താവിക്കുന്നു. "ദാഹിക്കുന്നവർ എല്ലാം എന്റെ അടുക്കൽ വന്നു കുടിക്കട്ടെ. എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്ന് തിരുവെഴുത്തു പറയുന്നതുപോലെ ജീവജലത്തിന്റെ നദികൾ ഒഴുകും എന്നു വിളിച്ചു പറഞ്ഞു. അതു തന്നിൽ വിശ്വസിക്കുന്നവർക്കു ലഭിപ്പാനുള്ള ആത്മാവിനെക്കുറിച്ചാകുന്നു പറഞ്ഞത് എന്നു യോഹന്നാന്റെ വിശദീകരണവും ഉണ്ട്. (യോഹ. 7:37–39).

വലിയ നിലവിളക്കുകൊളുത്തി അതിന്റെ പ്രകാശം ചുറ്റിലും പരക്കുന്ന പശ്ചാത്തലത്തിൽ യേശു പ്രഖ്യാപിച്ചു. "ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു. എന്നെ അനുഗമിക്കുന്നവൻ ഇരുളിൽ നടക്കാതെ ജീവന്റെ വെളിച്ചത്തിൽ ആകും" (യോഹ. 8:12).

3. മറുരൂപപ്പെരുന്നാൾ എങ്ങനെ കൂടാരപ്പെരുനാൾ ആയി?

സുറിയാനി പാരമ്പര്യത്തിൽ ഈ മാറ്റം എങ്ങനെ ഉണ്ടായി: ആ സംഭവത്തിന്റെ മഹത്വവും, പ്രാധാന്യവും പരിഗണിച്ചാൽ മറുരൂപപ്പെരുന്നാൾ എന്നുമാത്രമാണ് വിശേഷിപ്പിക്കേണ്ടത്. അവിടെ കൂടാരത്തിനു യാതൊരു പ്രസക്തിയുമില്ല. അതിനെപ്പറ്റിയുള്ള ഒരു വിശദീകരണം കൂടാരപ്പെരുന്നാളിന്റെ ഒരു ദിവസമാണ് യേശു ക്രിസ്തു മൂന്നു ശിഷ്യന്മാരെ കൂട്ടി മലയിലേക്ക് (താബോർ?) കയറിപ്പോയത് എന്നാണ്. മറുരൂപസംഭവത്തെപ്പറ്റി പ്രതിപാദിക്കുന്ന മൂന്നു സുവിശേഷങ്ങളിലും കൂടാരപ്പെരുന്നാൾ എന്ന വാക്കുപോലും പ്രത്യക്ഷമാകുന്നില്ല. (മത്താ. 17:2 മു.; മർക്കോ. 9:2, ലൂക്കോ. 9:28 മു.) സുവിശേഷത്തിൽ ഇല്ലാത്ത ഒന്നിനെ എന്തടിസ്ഥാനത്തിലാണ് ആധികാരികമായി സഭാ പിതാക്കന്മാർ പരാമർശിക്കുന്നത്? മൂന്നു കൂടാരങ്ങൾ ഉണ്ടാക്കട്ടെയോ എന്നു പത്രോസ്, ചോദിച്ചതിൽ നിന്നാണ് ആ പേരുണ്ടായത് എന്നും ചിലർ വ്യാഖ്യാനിക്കാറുണ്ട്. കൂടാരപ്പെരുന്നാളുമായി യാതൊരു ബന്ധവുമില്ലാതിരിക്കെ, ആ നാമത്തിൽ അതിമഹത്തായ സംഭവത്തെ (മറുരൂപപ്പെടൽ) തമസ്ക്കരിക്കുന്ന സമീപനം ഏതായാലും സ്വീകരിപ്പാൻ സാധ്യമല്ല.

അതുകൊണ്ട് കൂടാരപ്പെരുന്നാൾ എന്ന വിശേഷണം ഉപേക്ഷിച്ച് "മറുരൂപപ്പെരുന്നാൾ എന്നു മാത്രം ആ ദിവസത്തെ നാമകരണം ചെയ്യണം. പാശ്ചാത്യ സഭകൾ എല്ലാം ആ പേരു മാത്രമേ ഉപയോഗിക്കാറുള്ളു.

4. മറുരൂപപ്പെരുന്നാളിന്റെ പ്രാധാന്യം:

ദൈവമഹത്വം വെളിപ്പെടേണ്ട സംഭവമായതുകൊണ്ട് ഗ്രീക്കു പാരമ്പര്യത്തിൽ "തിയോഫനി" (manifestation of God) എന്നു വിശേഷിപ്പിക്കുന്നു. ക്രിസ്തുവിന്റെ ദൈവത്വം വെളിപ്പെട്ട സന്ദർഭമാണ്; ഓർത്തഡോക്സ് പാരമ്പര്യത്തിൽ ഈ സംഭവം മഹത്തായ ഒരു പെരുന്നാളായി ആചരിക്കുന്നു. എന്തൊക്കെയാണ് ഈ സംഭവത്തിന്റെ പ്രാധാന്യം?

a) ദൈവം പ്രകാശമായതുകൊണ്ട് (1 യോഹ. 1:5) അന്തരീക്ഷം മുഴുവൻ പ്രകാശിതമായി, പ്രകാശിതമായ മേഘം, യേശുവിന്റെ തേജസ്. അവിടുത്തെ വസ്ത്രം-എല്ലാം പ്രഭാപൂരിതമായി.

b) പിതാവിന്റെ സാക്ഷ്യം: "ഇവൻ എന്റെ പ്രിയപുത്രൻ" (മത്താ. 17:5) ഇവൻ എന്റെ പുത്രൻ ആയിത്തീർന്നു എന്നല്ല. നിത്യമായി പ്രിയപുത്രൻ ആകുന്നു എന്നാണ്. ഈ സാക്ഷ്യം യേശുവിന്റെ മാമോദീസായിലും ഉണ്ടായതാണ്. ഇവിടെ കൂട്ടിച്ചേർക്കുന്നു. "ഇവനു ചെവികൊടുപ്പിൻ". ഇതുവരെ നിങ്ങൾ മോശയും പ്രവാചകന്മാരും അനുശാസിച്ചത് അനുസരിച്ചു. എന്നാൽ ഇനിയും പുത്രനായ യേശുവിന്റെ വാക്കുകൾക്കാണ് ചെവികൊടുക്കേണ്ടത്. മറ്റുള്ളവരൊക്കെ തന്നെക്കുറിച്ച് സാക്ഷ്യം പറയുന്നവരാണ്.

c) മോശയും ഏലിയാവും: പഴയ നിയമത്തിലെ രണ്ടു സുപ്രധാന വ്യക്തികൾ. മോശ ന്യായ പ്രമാണത്തെ പ്രതിനിധീകരിക്കുന്നു. ഏലിയാവ്, പ്രവാചകന്മാരെയും. പഴയ നിയമം പ്രധാനമായും ന്യായപ്രമാണവും പ്രവചന ഗ്രന്ഥങ്ങളുമാണ്. (The law and the Prophets) അവ രണ്ടും യേശുവിന്റെ മരണത്തെപ്പറ്റിയും പുനരുത്ഥാനത്തെപ്പറ്റിയും പ്രതിപാദിക്കുന്നു. മോശയും ഏലിയാവും യേശുവിനോടു ചേർന്നു സംസാരിച്ച വിഷയവും അതു തന്നെ ആയിരുന്നു.

മരിച്ചവർ മൗനതയിലാണ്; ഒന്നുമറിയാത്ത അവസ്ഥയിലാണ് എന്നൊക്കെ പഠിപ്പിക്കുന്നവരുണ്ട്. അവർക്കൊരു മറുപടിയാണ് മരിച്ചു മൺമറഞ്ഞ മോശ യേശുവിനോടു സംസാരിക്കുന്നു എന്നുള്ളത്; അതും ഭാവിയിൽ സംഭവിപ്പാനുള്ള നിര്യാണത്തെപ്പറ്റി. മോശമരിച്ചവരുടെ പ്രതിനിധിയെങ്കിൽ ഏലിയാവ് ജീവനുള്ളവരുടെ പ്രതിനിധിയാണ്, മരിച്ചവരും ജീവനുള്ളവരും ഒന്നിച്ച് കർത്തൃസന്നിധിയിൽ സന്നിഹിതരാകുന്ന സന്ദർഭം.

d) വിശുദ്ധ ത്രിത്വത്തിന്റെ വെളിപാട് അവിടെ നടക്കുന്നു. പുത്രന്റെ സാന്നിദ്ധ്യം; പിതാവിന്റെ സാക്ഷ്യം; പരിശുദ്ധാത്മാവ് ജ്വലിക്കുന്ന പ്രകാശമായി പുത്രനുചുറ്റും മാത്രമല്ല ആ സ്ഥലത്ത് മുഴുവനും നിറഞ്ഞു നിൽക്കുന്നു.

e) ഇവനു ചെവികൊടുപ്പിൻ-ഇതത്രെ നമ്മോടുള്ള പിതാവിന്റെ നിർദ്ദേശം. പുത്രനുമായി ഗാഢമായി ബന്ധം പുലർത്തുവാൻ പരിശുദ്ധാത്മാവു നമ്മെ സഹായിക്കുന്നു. പുത്രൻ മൂലം നാം പിതാവിങ്കലേക്കു സമീപിക്കുന്നു. അങ്ങനെ ത്രീയേക ദൈവത്തിന്റെ ബന്ധത്തിലും പ്രവർത്തനത്തിലും നമ്മുടെ ജീവിതം ധന്യമാകുന്നു. മറുരൂപസംഭവം എന്നെന്നും ഓർത്തിരിക്കേണ്ട വലിയ സന്ദേശം നമുക്കു നൽകുന്നു.